(ബി) ശില്പങ്ങൾക്ക് എത്ര വർഷം പഴക്കമുണ്ടെന്നും അതിന്റെ ചരിത്ര പ്രാധാന്യം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ദാരുശില്പങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശില്പങ്ങളുടെ പഴക്കം ശാസ്ത്രീയമായി കണക്കാക്കിയിട്ടില്ല. പ്രസ്തുത കോവിലകത്തിന് 500 വർഷത്തിന് മുമ്പുള്ള പഴക്കം വരുമെന്ന് കരുതപ്പെടുന്നു. അതിപുരാതന ദ്രാവിഡാചാര കേന്ദ്രമായിരുന്ന കാളരാത്രിക്കാവാണ് ഇന്നത്തെ കോവിലകം എന്നറിയപ്പെടുന്ന മടിയൻ കലോം ക്ഷേത്രം.

(സി) ദാരുശില്പങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷൻ

85 (4120) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ-സി) ഉണ്ട്. സാംസ്കാരികവകുപ്പദ്ധ്യക്ഷൻ മുഖാന്തിരം അൻപത് വയസ്സിനുമേൽ പ്രായമുള്ള സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും കലാകാരികൾക്കും പ്രതിമാസം 750 രൂപാ നിരക്കിൽ കലാകാര പെൻഷൻ നല്കിവരുന്നു. കൂടാതെ വിവിധ അസുഖങ്ങൾമൂലം കഷ്ടത അനുഭവിക്കുന്ന കലാകാരന്മാർക്കും

LIBRARY.ARCHIVES Kerala Legislative Assembly

കലാകാരികൾക്കും ചികിത്സാധനസഹായവും നൽകിവരുന്ന പദ്ധതി സർക്കാർ തലത്തിൽ നടപ്പാക്കിയിട്ടുണ്ട്.

ഇതിനുംപുറമെ സംസ്ഥാനത്ത് വിവിധ കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരോ ഏർപ്പെട്ടിരിക്കുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ആക്ട് വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം, വ്യവസ്ഥകൾക്കനുസൃതമായി അംശദായം അടച്ച് അംഗത്വമെടുത്ത് 60 വയസ്സുകഴിഞ്ഞ കലാസാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. മിനിമം പെൻഷൻ ആയിരം രൂപയാണ്. ഇവയ്ക്കുപുറമെ അവശതാ പെൻഷൻ, ഫാമിലി പെൻഷൻ, ചികിത്സാ സഹായം, അംഗത്തിന്റെ/അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം, മരണാനന്തര സഹായം, മക്കളുടെ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, പ്രസവാനുകൂല്യം എന്നിവയും പദ്ധതി വിഭാവന ചെയ്യുന്നു.

അവശത അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കുക എന്നുള്ളതാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ മുഖ്യ ലക്ഷ്യം. കേരള സാഹിത്യ അക്കാദമി, ലളിത കലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി, ഫോക്ക്‌ലോർ അക്കാദമി, കേരള കലാമണ്ഡലം എന്നീ സ്ഥാപനങ്ങളാണ് മേൽ പദ്ധതികളുമായി സഹകരിച്ചു വരുന്നത്. കൂടാതെ വിവിധ കലാ സാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്നവർ ഇതുമായി സഹകരിക്കുന്നുണ്ട്.

(ഡി) സാംസ്കാരികവകുപ്പദ്ധ്യക്ഷൻ മുഖാന്തിരം നടപ്പിലാക്കിവരുന്ന കലാകാര പെൻഷൻ ചികിത്സാ ധനസഹായ പദ്ധതികൾക്ക് സർക്കാർ പ്രതിവർഷം ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കുന്നുണ്ട്. കേരള സാഹിത്യ അക്കാദമി, ലളിത കലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി, ഫോക്ക്‌ലോർ അക്കാദമി, കേരള കലാമണ്ഡലം എന്നീ അക്കാദമികൾ ശുപാർശ ചെയ്യുവരുന്ന കലാകാരപെൻഷനുള്ള പട്ടികയും ചികിത്സാ സഹായത്തിനുള്ള അപേക്ഷയും സാംസ്കാരിക വകുപ്പ് ഡയറക്ടർ പരിശോധിച്ച് ശുപാർശ ചെയ്ത് സർക്കാരിലേക്ക് അയയ്ക്കുകയും സർക്കാർ അർഹരായവർക്ക് അവ അനുവദിക്കുകയും ചെയ്യുവരുന്നു.

കൂടാതെ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട്/പദ്ധതി വ്യവസ്ഥകൾ

LIBRARY ARCHIVES Kerala Legislative Assembly